**"ഭരണഭാഷ- മാതൃഭാഷ"**

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ (RKI) വകുപ്പ് - സംസ്ഥാനത്ത് വിവിധ സേവനങ്ങൾക്കായി ഒരു യൂണിഫൈഡ് രജിസ്ട്രി (ഏകീകൃത വിവര സംവിധാനം) സജ്ജമാക്കുന്നതിനായുള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (RKI) വകുപ്പ്**

**സ.ഉ.(കൈ) നം.26/2021/പ്ലാനിംഗ്** **തിരുവനന്തപുരം, തീയതി 03/09/2021**

---

പരാമർശം:-

1. 09/11/2018-ലെ സ.ഉ. (അ) 16/2018/ആ.സാ.വ. നമ്പർ സർക്കാർ ഉത്തരവ്.
2. 23/05/2019-ലെ സ.ഉ. (അ) 19/2019/ആ.സാ.വ. നമ്പർ സർക്കാർ ഉത്തരവ്.
3. സംസ്ഥാന സർക്കാരിന്റെ ഓൺലൈൻ സേവനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി 12/07/202-ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ് .

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാരിന്റെ ഓൺലൈൻ സേവനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി 12/07/2021ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം, സംസ്ഥാനത്ത് വിവിധ സേവനങ്ങൾക്കായി ഒരു യൂണിഫൈഡ് രജിസ്ട്രി (ഏകീകൃത വിവര സംവിധാനം) സജ്ജമാക്കുന്നതിനായുള്ള പദ്ധതി നിർദേശം ചർച്ച ചെയ്യുകയും പദ്ധതി മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനു ശുപാർശ നൽകുകയും ചെയ്തു.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് **ഒരു യൂണിഫൈഡ് രജിസ്ട്രി (ഏകീകൃത വിവര സംവിധാനം)** സജ്ജമാക്കുന്നതിനുള്ള പദ്ധതിക്ക് തത്ത്വത്തിൽ അംഗീകാരം നൽകി ഉത്തരവാകുന്നു. പദ്ധതിയുടെ ആദ്യഘട്ടത്തിന്റെ ഭാഗമായി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുഖേന, ഏകദേശം **34.32 കോടി രൂപ (മുപ്പത്തി നാല് കോടി മുപ്പത്തി രണ്ട് ലക്ഷം രൂപ മാത്രം)** ചെലവിൽ അനുബന്ധ സോഫ്റ്റ് വെയർ, ഹാർഡ് വെയർ, മാനവ വിഭവശേഷി എന്നിവയുൾപ്പെടെ ഒരു **'ആധാർ വാൾട്ട്'** സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നു.

**3.** പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ചുമതലകൾ താഴെപറയും പ്രകാരമായിരിക്കും.

i. **ധനകാര്യ വകുപ്പ്:-** പദ്ധതിയുടെ നിർവഹണ ചുമതല ധനകാര്യ വകുപ്പിൽ നിക്ഷിപ്തമായിരിക്കും. സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ഏകോപനം, യൂണിഫൈഡ് രജിസ്ട്രി പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തേണ്ട പദ്ധതികളെയും ഗുണഭോക്താക്കളെയും തിരിച്ചറിയൽ, പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ട സ്ഥാപനപരമായ ചട്ടക്കൂടിന് രൂപം നൽകൽ, നിയമപരമായ ചട്ടക്കൂട് രൂപപ്പെടുത്തി നടപ്പിലാക്കൽ, രജിസ്ട്രിയുടെ പരിപാലനം, അക്കൗണ്ട്സ്, ഓഡിറ്റ്

സംവിധാനങ്ങൾ സജ്ജമാക്കൽ എന്നിവ ധനകാര്യ വകുപ്പിന്റെ ചുമതലകൾ ആയിരിക്കും.

ii. **ഇലക്ട്രോണിക്സ് & ഐടി വകുപ്പ്:-** യൂണിഫൈഡ് രജിസ്ട്രി പദ്ധതിക്ക് ആവശ്യമായ സോഫ്റ്റ് വെയർ, ഹാർഡ് വെയർ ഉൾപ്പെടെ മുഴുവൻ ഐടി സംവിധാനങ്ങൾക്കും രൂപം നൽകി നടപ്പിലാക്കുന്നതിന്റെ ചുമതല ഇലക്ട്രോണിക്സ് & ഐടി വകുപ്പിനായിരിക്കും. പദ്ധതി നടപ്പലിാക്കുന്നതിനു വേണ്ട സ്ഥാപനപരമായ സംവിധാനം നടപ്പിലാക്കുക, പദ്ധതിയുമായി ബന്ധപ്പെട്ട ഡാറ്റ ശേഖരണം, ഡാറ്റയുടെ നിയമപരമായ ഉടമസ്ഥത എന്നിവയും ഇലക്ട്രോണിക്സ് & ഐടി വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

iii. **ആസൂത്രണ സാമ്പത്തികകാര്യ (ആർ.കെ.ഐ.) വകുപ്പ്:-** പദ്ധതിക്ക് ആവശ്യമായ ബജറ്റ് അംഗീകാരവും ഫണ്ടും ലഭ്യമാക്കൽ, റസിലിയന്റ് കേരള ഫലപ്രാപ്തി അധിഷ്ഠിത (PforR) വായ്പയുടെ നിശ്ചിത പ്രവർത്തന സൂചകം 2 (DLI 2) സംബന്ധിച്ച പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തരത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത് എന്നുറപ്പാക്കുന്നതിനായുള്ള വിലയിരുത്തലും നിരീക്ഷണവും, DLI 2 പൂർത്തീകരിക്കുന്നതിനായി ലോകബാങ്കും സ്വതന്ത്ര പരിശോധന ഏജൻസി (Independent Verification Agency) യുമായുമുള്ള ഏകോപനം എന്നിവ ആസൂത്രണ സാമ്പത്തികകാര്യ (ആർ.കെ.ഐ) വകുപ്പിന്റെ ചുമതലകളായിരിക്കും.

**4.** ആസൂത്രണ സാമ്പത്തികകാര്യ (ആർ.കെ.ഐ) വകുപ്പ് പദ്ധതി സംബന്ധിച്ച വിശദമായ ഭരണാനുമതി പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജേഷ് കുമാർ സിംഗ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ധനകാര്യ വകുപ്പ്.

ഇലക്ട്രോണിക്സ് & ഐടി വകുപ്പ്.

പൊതുഭരണ (എസ്.സി.) വകുപ്പ് (01/09/2021-ലെ മന്ത്രിസഭാ യോഗത്തിന്റെ ഇനം നമ്പർ 220-മേലുള്ള തീരുമാനപ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നം.RKI1/47/2021-PLGEA).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

5402552/2021/PLG&EA(RKI)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 01-09-2021

ഫയൽ നം. ആർ.കെ.ഐ.-1/47/2021/ആസൂത്രണം. ഇനം നം: 220

വിഷയം : ആസൂത്രണ സാമ്പത്തികകാര്യ (ആർ.കെ.ഐ.) വകുപ്പ് - സംസ്ഥാനത്ത് ഒരു യൂണിഫൈഡ് റെജിസ്ട്രി സൃഷ്ടിക്കുന്നതിനായുള്ള പദ്ധതി നിർദ്ദേശത്തിന് അംഗീകാരം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്

കരട്

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ആർ.കെ.ഐ-1/47/2021/ആസൂത്രണം |
| 2 | വകുപ്പ് | ആസൂത്രണ സാമ്പത്തിക കാര്യ (ആർ.കെ.ഐ) വകുപ്പ് |
| 3 | വിഷയം | സംസ്ഥാനത്ത് ഒരു യൂണിഫൈഡ് റെജിസ്ട്രി സൃഷ്ടിക്കുന്നതിനായുള്ള പദ്ധതി നിർദ്ദേശത്തിന് അംഗീകാരം നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 28/08/2021 1ന.ഉ #5 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അതെ. |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. 09/11/2018-ലെ സ.ഉ.(അ) നം. 16/2018/ആ.സാ.വ പ്രകാരം ഇതിന് ധന വകുപ്പിന്റെ അഭിപ്രായം തേടേണ്ടതില്ല. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ.കെ. സുനിൽ കുമാർ |
| 8 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. രാജേഷ് കുമാർ സിംഗ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | /08/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി.ജോയ്. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | ../08/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | ../08/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | ../08/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സംസ്ഥാനത്ത് വിവിധ സേവനങ്ങൾക്കായി ഒരു യൂണിഫൈഡ് രജിസ്ട്രി (ഏകീകൃത വിവര സംവിധാനം) സജ്ജമാക്കുന്നതിനായുള്ള പദ്ധതി നിർദേശത്തിന് തത്വത്തിലുള്ള അംഗീകാരം നൽകുന്നതു സംബന്ധിച്ചാണ് ഈ കുറിപ്പ്.

**2.** 09/11/2018 ലെ സ.ഉ.(അ)നം.16/2018/P&E പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റിവിൽ (ആർ.കെ.ഐ) ഉൾപ്പെടുത്തേണ്ട പദ്ധതികൾക്ക് മന്ത്രിസഭയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.

**3.** സംസ്ഥാന സർക്കാരിന്റെ ഓൺലൈൻ സേവനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി 12/07/2021 ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം യൂണിഫൈഡ് രജിസ്ട്രി സജ്ജമാക്കുന്നതിനുള്ള പദ്ധതി നിർദേശം ചർച്ച ചെയ്തു. പദ്ധതി മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനു പ്രസ്തുത യോഗം ശുപാർശ ചെയ്തിട്ടുണ്ട്. യോഗത്തിന്റെ നടപടിക്കുറിപ്പ് **അനുബന്ധം -1 ൽ.**

**4.** പദ്ധതി നിർദേശത്തിന്റെ സംഗ്രഹം ചുവടെ ചേർക്കുന്നു;

## സംസ്ഥാനത്ത് ഒരു ഏകീകൃത സാമൂഹിക രജിസ്ട്രി സജ്ജമാക്കൽ

വിവിധ വകുപ്പുകളുടെ കീഴിലായി നാനൂറിലേറെ സാമൂഹിക ക്ഷേമ പദ്ധതികൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഈ പദ്ധതികളുടെ നിർവഹണത്തിനും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും ഓരോ വകുപ്പുകൾക്കും വെവ്വേറെ നടപടിക്രമങ്ങളാണ് ഇപ്പോഴുള്ളത്. ഗുണഭോക്താക്കളുടെ ഡാറ്റാബേസ് വിവിധ പദ്ധതികൾക്കു തമ്മിലോ വകുപ്പുകൾക്കു തമ്മിലോ പങ്കുവയ്ക്കാനാകാത്ത സ്ഥിതിയാണ്. ഒന്നിലേറെ പദ്ധതികളിൽനിന്ന് ആനുകൂല്യം ലഭിക്കൽ, ഗുണഭോക്തൃവിവരങ്ങളിലെ വ്യത്യാസങ്ങൾ, ആവർത്തനം, പല സ്രോതസുകളിൽനിന്നെടുക്കുന്നതുമൂലം വിവരശേഖരണത്തിന് ഏകീകൃത രൂപമില്ലായ്മ, കൃത്യമായ തീരുമാനങ്ങളെടുക്കുന്നതിനു സഹായകമായ രീതിയിൽ ക്രോഡീകൃതമായ വിവരങ്ങളുടെ കുറവ് തുടങ്ങി പല പ്രശ്നങ്ങളും നിലവിലുണ്ട്.

ഇതിനു പരിഹാരമെന്ന നിലയിൽ, കുടുംബത്തെ അടിസ്ഥാനയൂണിറ്റായി പരിഗണിച്ചുകൊണ്ട് ഗുണഭോക്താക്കളുടെ ഏകീകൃത ഡാറ്റാബേസ് ഉണ്ടാക്കുന്ന പദ്ധതിയാണ് യൂണിഫൈഡ് രജിസ്ട്രി. ഗുണഭോക്താക്കളുടെ സാമൂഹിക, സാമ്പത്തിക, ജനസംഖ്യാപരമായ വിവരങ്ങൾ ഒറ്റ സ്രോതസിൽനിന്നു

ലഭിക്കുന്നതോടെ എല്ലാ സർക്കാർ ക്ഷേമപദ്ധതികളുടെയും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് ഇത് ഉപയോഗിക്കാനാകും.

**5. രാജ്യത്ത് നിലവിലുള്ള സ്ഥിതി-** ആനുകൂല്യങ്ങൾ നേരിട്ട് ഗുണഭോക്താക്കൾക്കു കൈമാറുന്ന (DBT) തിനായി ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ഫോർ DBT സ്കീംസ് (DIDS) എന്നൊരു ഏകീകൃത പ്ലാറ്റ്ഫോം ആസാം സർക്കാർ രൂപം നൽകിവരുന്നു. പദ്ധതികളിലൂടെയുള്ള സാമ്പത്തിക സഹായം അർഹരായവരിലേക്ക്, താമസംവിനാ നേരിട്ട് നൽകുന്നതിലൂടെ സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളുടെയും സമഗ്രവും കൃത്യതയുള്ളതുമായ ഡാറ്റാബേസ് തയാറാക്കുന്നതിനായി ഹരിയാന സർക്കാർ രൂപംനൽകിയ പദ്ധതിയാണ് പരിവാർ പെചൻ പത്ര (PPP) . തമിഴ് നാട്ടിൽ സ്റ്റേറ്റ് ഫാമിലി ഡാറ്റാബേസ് (SFDB) പ്ളാറ്റ്ഫോം എന്ന പേരിൽ ഡാറ്റകളുടെ സംയോജനത്തിനും കൈമാറ്റത്തിനുമായി ഒരു സംവിധാനത്തിന് രൂപം നൽകിവരുന്നു.

മധ്യപ്രദേശിൽ 2012 ൽ *സമഗ്ര* എന്ന പേരിൽ സാമൂഹിക രജിസ്ട്രി പ്ളാറ്റ്ഫോമിന് രൂപം നൽകിയിട്ടുണ്ട്. വീടുവീടാന്തരം നടത്തിയ സർവേയിലൂടെ ജനസംഖ്യയുടെ 90 ശതമാനത്തെയും പദ്ധതിയുടെ ഭാഗമാക്കാൻ സാധിച്ചു. വ്യക്തിഗതമായും കുടുംബാടിസ്ഥാനത്തിലുമുള്ള, ആധാർബന്ധിതമായ തിരിച്ചറിയൽ കാർഡ് പദ്ധതിയുടെ ഭാഗമായി നൽകിയിട്ടുണ്ട്.

**6.** നമ്മുടെ സംസ്ഥാനത്താകട്ടെ വിവരങ്ങളിലെ ഇരട്ടിപ്പും മറ്റും ഒഴിവാക്കുന്നതിനുള്ള ശ്രമങ്ങൾ ചില വകുപ്പുകളിലും പദ്ധതികളിലും നടന്നിട്ടുണ്ട്. ചില ഉദാഹരണങ്ങൾ-

- സാമൂഹിക സുരക്ഷാ പെൻഷൻ പദ്ധതികൾക്കും ക്ഷേമനിധി ബോർഡ് പെൻഷനുകൾക്കും ജീവൻ പ്രമാൺ പോർട്ടലിലൂടെയുള്ള ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ്
- പൊതുവിതരണത്തിനുള്ള ഇ- പിഡിഎസ് സംവിധാനത്തിനായി ആധാറുമായി ബന്ധിപ്പിച്ച റേഷൻ കാർഡ് മാനേജ് മെന്റ് ഡാറ്റാബേസ് ഭക്ഷ്യ, പൊതുവിതരണ വകുപ്പ് നടപ്പിലാക്കി. ബയോമെട്രിക് വിവരങ്ങളുടെ അടിസ്ഥാനത്തിൽ എവിടെനിന്നും റേഷൻ വാങ്ങാവുന്ന തരത്തിലുള്ള

രീതിയും ആരംഭിച്ചു.

- വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് ഡാറ്റാബേസ് ആധാറുമായി ബന്ധിപ്പിക്കുന്ന സംവിധാനം പട്ടികജാതി, പട്ടിക വർഗ വകുപ്പിൽ നടപ്പിലാക്കി.

- സംസ്ഥാനത്ത് സാമൂഹിക ക്ഷേമ പെൻഷൻ സ്വീകരിക്കുന്നവരുടെ ഡാറ്റാബേസും ആധാറുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ പട്ടികയിലെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനും, മാനദണ്ഡങ്ങൾ പ്രകാരം അയോഗ്യരായവരെ നീക്കം ചെയ്യുന്നതിനും ഇതുകൊണ്ട് സാധിക്കും.

ഇത്തരം ശ്രമങ്ങളെ യൂണിഫൈഡ് രജിസ്ട്രി സംവിധാനത്തിലേക്കുള്ള ആദ്യ ചുവടുകളായി പരിഗണിക്കാവുന്നതാണ്. എന്നാൽ ഇവയെല്ലാം വ്യത്യസ്ത സംവിധാനങ്ങളുടെ ഭാഗമാണ് എന്നതിനാൽ ഒറ്റ ഡാറ്റാ ബേസിലൂടെ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിന് നിലവിൽ ഒരു സംവിധാനവുമില്ല.

**7.** റീബിൽഡ് കേരള ഇനിഷ്യേറ്റീവിനു കീഴിൽ റസീലിയന്റ് കേരള പദ്ധതിക്കായി ഫലപ്രാപ്തി അധിഷ്ഠിത (PforR) വായ്പയെന്ന നിലയിൽ 125 ദശലക്ഷം ഡോളറിന്റെ സാമ്പത്തികസഹായം ലഭ്യമാക്കുന്നതിന് ലോകബാങ്കുമായി കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയവും സംസ്ഥാനസർക്കാരും ഈയിടെ കരാറിലൊപ്പിട്ടു. ഇത്രയും തന്നെ തുക AIIB-ൽ നിന്ന് ഇതേ പദ്ധതിക്ക് co-financing മുഖേനയും ലഭ്യമാകുന്നുണ്ട്. നിശ്ചിത പ്രവർത്തന സൂചകങ്ങളുടെയും (Disbursement Linked Indicators, DLIs) അവയുടെ ഫലപ്രാപ്തിയുടെയും അടിസ്ഥാനത്തിലാകും (Disbursement Linked Results, DLRs) ഈ വായ്പാസഹായത്തിന്റെ വിതരണം. ഇതിനായി 9 പൊതു സൂചകങ്ങളും അവയോരോന്നുമായി ബന്ധപ്പെട്ട് വാർഷികാടിസ്ഥാനത്തിൽ ഉണ്ടാകേണ്ട നേട്ടങ്ങളും നിർണയിച്ചിട്ടുണ്ട്. ഓരോ DLI നും അതിന്റെ ഭാഗമായ DLR നും നിശ്ചിത സഹായ തുക മുൻകൂട്ടി തീരുമാനിച്ചിട്ടുണ്ട്. ഓരോ ലക്ഷ്യവും നേടുന്നതിന് അനുസരിച്ചാകും ഈ തുക അനുവദിക്കുന്നത്. ഇതിലെ രണ്ടാമത്തെ DLI, ദുരന്തങ്ങൾ ബാധിക്കാത്ത തരത്തിൽ സംസ്ഥാന സർക്കാരിന്റെ സംവിധാനങ്ങൾ കൂടുതൽ സുരക്ഷിതവും ശക്തവുമാക്കുക എന്നതാണ്. ഇതിനായി ലക്ഷ്യമിട്ടിട്ടുള്ളത് ചുവടെ പറയുന്ന കാര്യങ്ങളാണ്

(I) ദുരന്തങ്ങളുണ്ടായാലും പദ്ധതികൾ മുന്നോട്ടുപോകുന്നതിനു സഹായകമായ തരത്തിൽ ഗുണഭോക്തൃ വിവരങ്ങളുടെ ഏകീകൃതമായ ഡാറ്റാ ബേസ് കൃത്യമായ

വിവര സുരക്ഷാ സംവിധാനങ്ങൾ പാലിച്ചുകൊണ്ട് തയാറാക്കുക.

(ii)സംസ്ഥാനത്തിന്റെ ഈ ഏകീകൃത ഡാറ്റാബേസിൽ അഞ്ചു ലക്ഷം വീടുകളെങ്കിലും ഉൾപ്പെടുത്തുക.

(iii)ഏകീകൃത ഡാറ്റാബേസുമായി ബന്ധപ്പെടുത്തി നേരിട്ട് തുക കൈമാറുന്ന രീതിയിലൂടെ ഒരു ലക്ഷം കുടുംബങ്ങൾക്കെങ്കിലും സാമൂഹിക സുരക്ഷാ പദ്ധതികളുടെ നേട്ടങ്ങൾ എത്തിക്കുക.

**8.**മേൽപ്പറഞ്ഞ സാഹചര്യത്തിലാണ് സംസ്ഥാനത്തിനായി ഒരു യൂണിഫൈഡ് രജിസ്ട്രിക്കുള്ള പദ്ധതി മുന്നോട്ടുവയ്ക്കുന്നത്. വിവരങ്ങളുടെ ആവർത്തനം ഒഴിവാക്കൽ, ക്രോഡീകരിക്കൽ, പല സ്രോതസുകളിൽനിന്നുള്ള സഹായങ്ങളുടെ ഡാറ്റ നിരീക്ഷിക്കൽ തുടങ്ങിയവ കൃത്യമായി നിർവഹിക്കുന്നതിന് ഏകീകൃത ഡാറ്റാബേസ് സർക്കാരിന് ഏറെ സഹായകമാകും. വിവിധ സഹായ പദ്ധതികളുമായി ബന്ധിപ്പിക്കുന്നതിനും ഗുണഭോക്താക്കളെ തിരിച്ചറിയാനുമൊക്കെ സഹായകമായ ഒരൊറ്റ സ്രോതസായി പദ്ധതി നടത്തിപ്പുകാർക്കും ഗുണഭോക്താക്കൾക്കും ഈ രജിസ്ട്രി ഉപകാരപ്രദമാകും. ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിൽ കൃത്യതയുണ്ടാകുമെന്നതിനാൽ സൂക്ഷ്മമായ നയരൂപീകരണത്തിനും ഇത് പ്രയോജനപ്പെടും. ഒരു സർക്കാർ പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ലാത്തവരുടെ വിവരങ്ങൾ ചേർക്കുന്നതിനുള്ള സംവിധാനവും ഈ രജിസ്ട്രിയിൽ ഉണ്ടാകും. ഇതിനുള്ള ഡാറ്റാബേസ് ഉണ്ടാക്കുന്നതിനായി പ്രാഥമികഘട്ടത്തിൽ പൊതുവിതരണ സംവിധാനത്തിനുള്ള ഡാറ്റാബേസ് ഉപയോഗിക്കാവുന്നതാണ്. ഓരോ വ്യക്തിക്കും കുടുംബത്തിനും കൃത്യമായ തിരിച്ചറിയൽ നമ്പർ നൽകും. നിശ്ചിത ഇടവേളകളിൽ ആധാർ വിവരങ്ങൾ രജിസ്ട്രിയിൽ അപ്ഡേറ്റ് ചെയ്യും.ആവർത്തനം ഒഴിവാക്കുന്നതിനും ഗുണഭോക്താക്കളെ കൃത്യമായി തിരിച്ചറിയുന്നതിനുമുള്ള ഒരു സ്വതന്ത്ര ഡാറ്റാബേസ് എന്ന നിലയിലായിരിക്കും ഈ പൊതു രജിസ്ട്രി ഉണ്ടാക്കുന്നത്. പദ്ധതികളുമായി ബന്ധപ്പെട്ട എല്ലാ ഡാറ്റകളും അതാതു വകുപ്പുകളുടെ ചുമതലയിൽ തന്നെ ആകും. വിവിധ വകുപ്പുകൾക്ക് പദ്ധതികൾ സുഗമമായി നടത്തുന്നതിനു തടസ്സമൊന്നും ഉണ്ടാകാതിരിക്കുന്നതിനാണ് ഇത്തരമൊരു രീതി മുന്നോട്ടുവയ്ക്കുന്നത്. അതാതു വകുപ്പുകൾ ആവശ്യപ്പെടുന്ന, നിയമങ്ങൾക്കും നിർദേശങ്ങൾക്കും അനുസരിച്ചുള്ള ഗുണഭോക്തൃ വിവരങ്ങൾ മാത്രമാണ് രജിസ്ട്രിയിൽ നൽകുക.

**9.** നിർദ്ദിഷ്ട ഏകീകൃത രജിസ്ട്രി സംവിധാനത്തിന്റെ ഉദ്ദേശ്യങ്ങൾ ചുവടെ

ചേർക്കുന്നു.

- സംസ്ഥാനത്തെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിനും തിരഞ്ഞെടുക്കുന്നതിനും ഒരു കേന്ദ്രീകൃത പൊതു പ്ളാറ്റ്ഫോം ഉണ്ടാക്കുക.

- സാമൂഹിക ക്ഷേമ പദ്ധതികളുടെ ഫലപ്രദമായ നിരീക്ഷണം ഉറപ്പാക്കൽ

- അർഹതയില്ലാത്തവർ ആനുകൂല്യങ്ങൾ നേടുന്നത് ഒഴിവാക്കി ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സുതാര്യവും ഫലപ്രദവുമാക്കുക.

- വിവിധ സ്രോതസുകളിൽനിന്നുള്ള വിവരങ്ങളുടെ ആവർത്തനം ഒഴിവാക്കി ഐകരൂപ്യം കൊണ്ടുവരിക.

- പ്രകൃതി ദുരന്തങ്ങളുടെ ആഘാതം കുറയ്കുന്നതിനു സഹായകമായ തരത്തിൽ സുരക്ഷാപദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുക.

- മറ്റു സേവനങ്ങൾക്കും ആവശ്യമായ തരത്തിൽ ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിനുള്ള സംവിധാനം.

- പുതിയ നയങ്ങൾ ആവിഷ്കരിക്കുന്നതിന് വേണ്ട ക്രോഡീകൃത വിവരങ്ങൾ ലഭ്യമാക്കുക.

**10.** സംസ്ഥാനത്ത് ഏകീകൃത രജിസ്ട്രി സംവിധാനം നടപ്പാക്കുന്നതു സംബന്ധിച്ച സമീപനം ചുവടെ ചേർക്കുന്നു.

- നിലവിലുള്ള പദ്ധതികളെയും അവയുടെ ഗുണഭോക്താക്കളെയും സംബന്ധിച്ച പഠനം.

- ഡാറ്റ മാതൃകകളും രൂപരേഖകളും വികസിപ്പിക്കൽ

- രജിസ്ട്രി നടപ്പിലാക്കുന്നതിനു വേണ്ട സ്ഥാപനപരമായ സംവിധാനങ്ങളും നിയമപരമായ ചട്ടക്കൂടും രൂപപ്പെടുത്തുക.

- ഡാറ്റയുടെ ഘടന നിർവചിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുക.പ്രാരംഭ സോഴ്സ് ഡാറ്റ എന്ന നിലയിൽ പി.ഡി.എസ്. ഡാറ്റ പരിഗണിക്കാവുന്നതും രജിസ്ട്രിയിലേക്ക് മൈഗ്രേറ്റ് ചെയ്യാവുന്നതുമാണ്.

- വിവിധ ആപ്ലിക്കേഷനുകളിലുള്ള മറ്റു വകുപ്പുകളുടെ ഡാറ്റകളും പരിശോധിച്ച് രജിസ്ട്രിയിലേക്ക് മൈഗ്രേറ്റ് ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുക.

- ആവശ്യാനുസരണം പുതിയ കുടുംബങ്ങളെയും വ്യക്തികളെയും ഉൾപ്പെടുത്താനാകുന്ന വിധം യൂണിഫൈഡ് രജിസ്ട്രി ആപ്ളിക്കേഷൻ പ്ളാറ്റ്ഫോം വികസിപ്പിക്കുക.
- വ്യക്തിവിവരങ്ങൾ, കുടുംബ വിവരങ്ങൾ, ബന്ധങ്ങൾ, സമ്മതപത്രം തുടങ്ങിയവ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

**11.**വകുപ്പുകൾ തമ്മിലുള്ള സഹകരണത്തിനും പദ്ധതി നിർവഹണത്തിനു വേണ്ട സ്ഥാപനപരമായ സംവിധാനങ്ങൾ തുടങ്ങുന്നതിനും സർക്കാരിന്റെ അംഗീകാരം ആവശ്യമാണ്. ബന്ധപ്പെട്ട വിഭാഗങ്ങളുടെ ഏകോപനത്തിനും സമയബന്ധിതമായി തീരുമാനങ്ങളെടുത്ത് പദ്ധതി സുഗമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനും ഒരു ഉന്നതതല സമിതിക്ക് രൂപം നൽകേണ്ടതുണ്ട്. വിവിധ വകുപ്പുകളുടെ പദ്ധതികളെക്കുറിച്ചും അവയുടെ ഗുണഭോക്താക്കളെക്കുറിച്ചുമുള്ള വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് ഓരോ വകുപ്പിലും ഒരു നിശ്ചിത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണം. ഒരു ദീർഘകാല പദ്ധതിയെന്ന നിലയിൽ പദ്ധതിയുടെ നടത്തിപ്പിനു വേണ്ടി പ്രത്യേക സ്ഥാപനസംവിധാനം ആരംഭിക്കുകയോ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തുകയോ വേണം. ഇത്തരമൊരു ഏജൻസിക്ക് പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതിനു വേണ്ട വിഭവശേഷിയും വൈദഗ്ധ്യവും അത്യാവശ്യമാണ്. ഇത്തരമൊരു ഏജൻസിയുടെ ചുമതലകൾ ചുവടെ ചേർക്കുന്നവയാണ്.

- സംസ്ഥാനത്ത് യൂണിഫൈഡ് രജിസ്ട്രി ആരംഭിക്കുന്നതിനു വേണ്ട ഐടി സംവിധാനങ്ങൾ രൂപപ്പെടുത്തുകയും വികസിപ്പിച്ച് നടപ്പിലാക്കുകയും ചെയ്യുക.
- യൂണിഫൈഡ് രജിസ്ട്രിക്കു വേണ്ടി, ജനങ്ങളെ സംബന്ധിച്ച ഡാറ്റ ശേഖരിക്കുകയും ആവശ്യാനുസരണം ഉപയുക്തമാക്കുകയും ചെയ്യുക.
- ഡാറ്റ അപഡേറ്റ് ചെയ്യൽ
- പരാതി പരിഹാരം സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുക
- വിലയിരുത്തലിന് ആവശ്യമായ ചട്ടക്കൂടിന് രൂപം നൽകുക
- പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുമായും സുഗമമായ ആശയവിനിമയത്തിനുള്ള നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുക.
- ഡാറ്റ സംയോജനം,കൈമാറൽ തുടങ്ങിയവുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ രൂപപ്പെടുത്തുക.

- ഡാറ്റയുടെ കൃത്യതയും ഗുണമേൻമയും ഉറപ്പാക്കുന്നതിനുള്ള സംവിധാനം.

**12.** പൗരൻമാരെ സംബന്ധിച്ച വ്യക്തിവിവരങ്ങളാണ് കൈകാര്യം ചെയ്യുന്നത് എന്നതിനാൽ യൂണിഫൈഡ് രജിസ്ട്രിക്ക് നിയമപരമായ ചട്ടക്കൂട് ആവശ്യമാണ്. പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ വിഭാഗങ്ങളുമായി ഡാറ്റ കൈമാറുകയും ശേഖരിക്കുകയും ഒക്കെ ചെയ്യേണ്ടിവരുമെന്നതിനാൽ ഇതു വളരെ പ്രധാനമാണ്. നിയമാനുസൃതമുള്ള ഒരു ഡാറ്റ കൈമാറ്റ നയം രൂപപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഇത്തരമൊരു നയം നിലവിലുള്ള ഐടി നിയമം, ആധാർ നിയമം, ദേശീയ ഡാറ്റ പങ്കിടലും ശേഖരിക്കലും നയം തുടങ്ങിയവയുമായി ചേർന്നുപോകുന്നതും അതേസമയം, വ്യക്തി വിവര സംരക്ഷണ നിയമം പോലുള്ള ഭാവി നയങ്ങളെക്കൂടി ഉൾക്കൊള്ളാൻ പറ്റുന്നതുമാകണം. ആധാറും വിവര സ്വകാര്യതയും പോലുള്ള മേഖലകളിൽ മാറിക്കൊണ്ടിരിക്കുന്ന നിയമങ്ങളെയും നയങ്ങളെയും ശ്രദ്ധാപൂർവം പിന്തുടരുകയും ഈ പദ്ധതി സംബന്ധിച്ച നയങ്ങളിൽ ആവശ്യാനുസരണം മാറ്റങ്ങൾ വരുത്തുകയും ചെയ്തുകൊണ്ട് നിയമപരമായ നിലനിൽപ് കുറ്റമറ്റതാകുന്നുവെന്നുറപ്പാക്കേണ്ടതുണ്ട്. യൂണിഫൈഡ് രജിസ്ട്രിയുടെ നിർവഹണത്തിനു വേണ്ടിയുള്ള സ്ഥാപനസംവിധാനത്തിന് ഉത്തരവാദിത്തങ്ങൾ സുഗമമായി നിർവഹിക്കുന്നതിനു വേണ്ട പിന്തുണയും ലഭ്യമാകേണ്ടതുണ്ട്.

**13.** യൂണിഫൈഡ് രജിസ്ട്രിയുടെ അടിസ്ഥാനഘടകങ്ങൾ ചുവടെ പറയുന്നവയാണ്.

i. പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ വിഭാഗങ്ങൾ

ii. പ്രവർത്തന നടപടിക്രമങ്ങൾ

iii. സാങ്കേതിക വിദ്യ

iv. ഭരണപരവും സ്ഥാപനപരവുമായ സംവിധാനങ്ങൾ

v. നിയമപരവും ഡാറ്റ സംരക്ഷണവുമായി ബന്ധപ്പെട്ട ചട്ടക്കൂട്

**14.** യൂണിഫൈഡ് രജിസ്ട്രിയുമായി ബന്ധപ്പെട്ട പ്രധാന വകുപ്പുകൾ

*1) ധനകാര്യ വകുപ്പ്*

- ധനവകുപ്പിനാണ് ഈ പദ്ധതിയുടെ നിർവഹണ ചുമതല. ചുവടെ പറയുന്നവയാണ് ധനകാര്യ വകുപ്പിന്റെ ചുമതലകൾ :

- സംസ്ഥാനത്ത് യൂണിഫൈഡ് രജിസ്ട്രി നടപ്പിലാക്കുന്നതിന്റെ മൊത്തത്തിലുള്ള ഉത്തരവാദിത്തം ധനകാര്യവകുപ്പിനായിരിക്കും.

- സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ ഏകോപന ചുമതല ധനവകുപ്പ് നിർവഹിക്കും.

- യൂണിഫൈഡ് രജിസ്ട്രി പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തേണ്ട പദ്ധതികളെയും ഗുണഭോക്താക്കളെയും തിരിച്ചറിയുക

- പദ്ധതി നടപ്പലിാക്കുന്നതിനു വേണ്ട സ്ഥാപനപരമായ ചട്ടക്കൂടിന് രൂപം നൽകൽ.

- യൂണിഫൈഡ് രജിസ്ട്രിക്ക് ആവശ്യമായ നിയമപരമായ ചട്ടക്കൂട് രൂപപ്പെടുത്തി നടപ്പിലാക്കൽ

- യൂണിഫൈഡ് രജിസ്ട്രിയുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ, അക്കൗണ്ട്സ്, ഓഡിറ്റ്, രജിസ്ട്രിയുടെ പരിപാലനം

*2)ഇലക്ട്രോണിക്സ്,ഐടി വകുപ്പ്*

- യൂണിഫൈഡ് രജിസ്ട്രി പദ്ധതിക്കു വേണ്ട മുഴുവൻ ഐടി സംവിധാനങ്ങൾക്കും രൂപം നൽകേണ്ടതും വികസിപ്പിച്ചെടുത്ത് നടപ്പിലാക്കേണ്ടതും ഐടി വകുപ്പാണ്.

- യൂണിഫൈഡ് രജിസ്ട്രി ആരംഭിക്കുന്നതിനു വേണ്ട സോഫ്റ്റ് വെയറും ഹാർഡ് വെയറും ഉൾപ്പെടെയുള്ള എല്ലാത്തരം സാങ്കേതിക ആവശ്യങ്ങളും വികസിപ്പിച്ചെടുക്കുക.

- യൂണിഫൈഡ് രജിസ്ട്രിക്കു വേണ്ടിയുള്ള സ്ഥാപനപരമായ സംവിധാനം നടപ്പിലാക്കുക

- നിയമപരവും സ്ഥാപനപരവുമായ ചട്ടക്കൂടുകൾക്ക് അനുസൃതമായി യൂണിഫൈഡ് രജിസ്ട്രിക്ക് വേണ്ട സോഫ്റ്റ് വെയർ പ്ലാറ്റ്ഫോം വികസിപ്പിക്കുക

- ആവശ്യമായ ഡാറ്റ ശേഖരിക്കൽ

- ഇലക്ട്രോണിക് ആൻഡ് ഐടി വകുപ്പോ അതിന്റെ കീഴിലുള്ള ഐടി മിഷനോ ആയിരിക്കും യൂണിഫൈഡ് രജിസ്ട്രിയിലെ ഡാറ്റയുടെ നിയമപരമായ അധികാരം.

*3) ആർ.കെ.ഐ.*

- യൂണിഫൈഡ് രജിസ്ട്രി പദ്ധതിക്ക വേണ്ട ബജറ്റ് അംഗീകാരവും ഫണ്ടും ലഭ്യമാക്കുക.

- PforR വായ്പയുടെ DLI2 പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തരത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത് എന്നുറപ്പാക്കുന്നതിനായുള്ള വിലയിരുത്തലും നിരീക്ഷണവും. DLI2 പൂർത്തീകരിക്കുന്നതിനായി ലോകബാങ്കും സ്വതന്ത്ര പരിശോധന ഏജൻസി (IVA)യുമായുമുള്ള ഏകോപനം.

- സാമൂഹിക സുരക്ഷാ പദ്ധതികളുടെ വിവിധ ഡാറ്റാബേസുകൾ കൈകാര്യം ചെയ്തുവരുന്ന വകുപ്പുകൾ

**15.** യൂണിഫൈഡ് രജിസ്ട്രിയുടെ സാങ്കേതിക പ്ലാറ്റ്ഫോമിലെ ഒരു ഘടകം ആധാർ ഡാറ്റാബേസാണ്. ആധാർ വിവര സംരക്ഷണ, സ്വകാര്യത നയം അനുസരിച്ച് ആധാർ കാർഡ് ~~പ്രാഥമിക തിരിച്ചറിയൽ കാർഡായി ഉപയോഗിക്കാൻ പാടില്ല~~ സാധാരണ ഡാറ്റാബേസിൽ ~~ആധാർ വിവരങ്ങൾ~~ സൂക്ഷിക്കുന്നതിന് വിലക്കുണ്ട്. 2016 ലെ ആധാർ നിയമപ്രകാരം നിശ്ചിത ആവശ്യങ്ങൾക്കായി സർക്കാർ വകുപ്പുകൾ ശേഖരിക്കുന്ന ആധാർ നമ്പറുകളുടെ കേന്ദ്രീകൃത ശേഖരമാണ് ആധാർ വാൾട്ട്. ആധാർ വിവരങ്ങൾ സുരക്ഷിതമായി ഉപയോഗിക്കുന്നതിനുള്ള ഹാർഡ് വെയർ, സോഫ്റ്റ് വെയർ സംവിധാനങ്ങൾ ഉൾപ്പെടുന്നതാണ് ആധാർ വോൾട്ട്.

**16.** യൂണിഫൈഡ് രജിസ്ട്രിയുടെ സാങ്കേതിക പ്ലാറ്റ്ഫോം രൂപപ്പെടുത്തുന്നതിനുള്ള ആധാർ വോൾട്ടിനുള്ള (സോഫ്റ്റ് വെയറും അടിസ്ഥാന സൌകര്യങ്ങളും, മാനവവിഭവ ശേഷിയും ഉൾപ്പെടെ) എസ്റ്റിമേറ്റ് ചുവടെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | ഇനം | ഏകദേശ ചെലവ്(രൂപ കോടിയിൽ) |
|---|---|---|
| 1. | ആധാർ വാൾട്ട് ഹാർഡ് വെയർ | 14.00 |
| 2. | സോഫ്റ്റ് വെയർ (യൂണിഫൈഡ് രജിസ്ട്രിയും ആധാർ വാൾട്ടും) | 2.20 |
| 3. | മാനവവിഭവ ശേഷി (5 വർഷത്തേക്ക്) | 8.00 |
| 4. | സിവിൽ, അടിസ്ഥാനസൌകര്യങ്ങൾ, വാൾട്ട് ഉൾക്കൊള്ളുന്ന തരത്തിൽ സ്റ്റേറ്റ് ഡാറ്റ് സെന്റർ അപ് ഗ്രേഡ് ചെയ്യൽ | 7.00 |

| ക്രമ നമ്പർ | ഇനം | ഏകദേശ ചെലവ്(രൂപ കോടിയിൽ) |
|---|---|---|
| 5. | കണ്ടിജൻസി | 3.12 |
| ആകെ | | **34.32** |

Note # 5

**17.** വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കാനും വിവരങ്ങളുടെ സുരക്ഷിതത്വവും സ്വകാര്യതയും ഉറപ്പാക്കുന്നതിന് കൃത്യമായ നടപടികൾ സ്വീകരിക്കാനും ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

<u>തീരുമാനിക്കേണ്ട വിഷയം</u>

**സംസ്ഥാനത്ത് ഒരു ഏകീകൃത രജിസ്ട്രി സംവിധാനം സജ്ജമാക്കുന്നതിനുള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകാമോ? പദ്ധതിയുടെ ആദ്യഘട്ടത്തിന്റെ ഭാഗമായി, ഖണ്ഡിക 16-ൽ പറയും പ്രകാരം, ഏകദേശം 34.32 കോടി രൂപ (മുപ്പത്തി നാല് കോടി മുപ്പത്തി രണ്ട് ലക്ഷം രൂപ മാത്രം) ചെലവിൽ അനുബന്ധ സോഫ്ട് വെയർ, ഹാർഡ് വെയർ, മാനവ വിഭവശേഷി എന്നിവയുൾപ്പെടെ ഒരു 'ആധാർ വാൾട്ട്" സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുന്നതിന് ആർ.കെ.ഐ.യ്ക്ക് അനുമതി നൽകാമോ?**

31/8/21

31/8/21

31/08/21

31/8/21

31/8